# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

പള്ളിക്കൂദാശ മൂന്നാം ഞായർ

2021 നവംബർ 14




# തീക്ഷ്ണതയാൽ വിഴുങ്ങപ്പെടുക

സംഖ്യ 9:15-18, ഏശ 54:1-10, ഹെബ്രാ 9: 5- 15, ജോൺ 2: 13-22

സങ്കീർത്തകൻ പാടുന്നു (സങ്കീ: 69):

'സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയിൽ പ്രത്യാശ വയ്ക്കുന്നവർ ഞാൻ മൂലം ലജ്ജിക്കാനിടയാക്കരുതേ.

ഇസ്രയേലിന്റെ ദൈവമേ, അങ്ങയെ അന്വേഷിക്കുന്നവർ ഞാൻ മൂലം അപമാനിതരാകാൻ സമ്മതിക്കരുതേ.

അങ്ങയെ പ്രതിയാണ് ഞാൻ നിന്ദനം സഹിച്ചതും ലജ്ജ എന്റെ മുഖത്തെ ആവരണം ചെയ്തതും.

എന്റെ സഹോദരർക്ക് ഞാൻ അപരിചിതനും എന്റെ അമ്മയുടെ മക്കൾക്ക് ഞാൻ അന്യനുമായിത്തീർന്നു.

അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു, അങ്ങയെ നിന്ദിക്കുന്നവരുടെ നിന്ദനം എന്റെ മേൽ പതിച്ചു.'

മനുഷ്യരെല്ലാവരും സമൂഹത്തിലുള്ള ഇടപെടലുകളിൽ ഒരു അതിരിനുള്ളിലാണു പ്രവർത്തിക്കുന്നത്. സാമൂഹിക സദാചാരവും മര്യാദകളും സ്വന്തമായ കാഴ്ച്ചപ്പാടുകളും സംസ്കാരവും സ്വഭാവസവിശേഷതയും സാഹചര്യവും എല്ലാം തീർക്കുന്ന ഒരു വട്ടത്തിനുള്ളിലാണ് നമ്മുടെ പ്രവൃത്തികൾ. പക്ഷേ, ചില സന്ദർഭങ്ങളിൽ നാം ആ അതിരുകൾ ലംഘിക്കുന്നു. ശക്തമായ ഉൾപ്രേരണകൾ ആ അതിരുകൾക്ക് അപ്പുറത്തേക്ക് നമ്മെ തള്ളിവിടുന്നു. അത്തരം സന്ദർഭങ്ങളാണ് ഒരുവനെ കടഞ്ഞെടുക്കുന്ന അനുഭവങ്ങൾ. ആ ലക്ഷ്മണരേഖ കടക്കുന്ന സാഹചര്യങ്ങളാണ് മറഞ്ഞിരിക്കുന്ന പ്രകാശം വെളിപ്പെടുന്ന സമയം.

ഒരു ചെകിടത്ത് അടിക്കുന്നവനു മറു ചെകിട് കാണിച്ചുകൊടുക്കാൻ പറഞ്ഞവനാണ് ഈശോ. വാളെടുക്കുന്നവൻ വാളാൽ എന്നു പത്രോസിനോട് പറയാൻ പോകുന്നവനാണ് ഈശോ. പക്ഷേ, കയ്യിൽ ഇല്ലാത്ത ഒരു ആയുധം ഉണ്ടാക്കി, അത് വീശിക്കൊണ്ട് ക്രോധാകുലനാകുന്ന ഈശോയെ ആണ് ഇന്നത്തെ സുവിശേഷം നമുക്ക് പരിചയപ്പെടുത്തുന്നത്. ഈശോയുടെ മറ്റു വാക്കുകളും പ്രവൃത്തികളുമായുമൊക്കെ എത്രമാത്രം




ബിനു തോമസ്

സമരസപ്പെടുത്താൻ ശ്രമിച്ചാലും, അവയിൽ നിന്നു വേറിട്ടുനിൽക്കുന്നതും, ഈശോയുടെ പരസ്യജീവിതത്തിലെ അനന്യവുമായ ഒരു സന്ദർഭമാണ് ദേവാലയശുദ്ധീകരണം. അത് അവന്റെ ശിഷ്യന്മാർ മനസ്സിലാക്കി. വ്യത്യസ്തമായ ഈ അനുഭവത്തിന്റെ കാരണം അവർ തേടി, അവരുടെ ആ അന്വേഷണം അവസാനിച്ചത് സങ്കീർത്തകൻറെ വാക്കുകളിലാണ് - തീക്ഷ്ണതയിൽ ജ്വലിക്കുന്ന, തീക്ഷ്ണ തയാൽ വിഴുങ്ങപ്പെട്ട, തീക്ഷ്ണതയാൽ അതിരുകളെ ഭേദിക്കുന്ന ഈശോ.

## ദേവാലയത്തെക്കുറിച്ചുള്ള തീക്ഷ്ണത

സ്വർഗീയപിതാവിന്റെ ആലയത്തെപ്പറ്റിയുള്ള തീക്ഷ്ണതയാണ് ഈശോയെ ചാട്ടവാർ എടുപ്പിച്ചത്. ദേവാ ലയം എന്നത് കേവലമായ ഒരു സ്ഥലം മാത്രമല്ല. അത്, ദൈവാനുഭവം അറിയാ നുള്ള ഒരു സാഹചര്യമാണ്. വളരെ ദൂരദേശത്തുനിന്നും, ഏറെ ക്ലേശം സഹിച്ച് ദൈവാരാധനയ്ക്ക് എത്തുന്ന പാവപ്പെട്ട ജനങ്ങളെ, ബലിക്ക് വേണ്ടുന്ന പ്രാവു കളുടേയും ആടുമാടുകളുടേയും പേരിൽ ചൂഷണം ചെയ്യുകയും, കേവലമായ കച്ചവടച്ചന്തയായി ദേവാലയത്തെ തരംതാഴ്ത്തുകയും ചെയ്തത് ഈശോയ്ക്ക് സഹിക്കുന്നില്ല.

നമ്മുടെ ആത്മീയകേന്ദ്രങ്ങളിൽ ഈശോ ഇന്ന് സന്ദർശനം നടത്തിയാൽ, അവൻറെ കയ്യിൽ ചാട്ടവാർ ഉണ്ടാകുമോ? ആത്മപരിശോധന നടത്തേണ്ട സമയമാണ് ഈ സുവിശേഷവായന. ദൈവാനുഭവത്തിൽ നിറയാനുള്ള മനുഷ്യരുടെ അവകാശം മറ്റു താൽപ്പര്യങ്ങൾക്ക് വഴിമാറുന്നുവോ? ഏറ്റവും പരമപ്രധാനമായതിനെ അവഗണിച്ച് അധികാര-സ്വാർത്ഥ-താൽപ്പര്യങ്ങൾക്ക് അഴിഞ്ഞാടാനുള്ള വേദിയായി ആത്മീയകേന്ദ്രങ്ങൾ മാറുന്നുണ്ടോ? സങ്കീർത്തകൻ പറയുന്നതുപോലെ, ദൈവത്തിൽ പ്രത്യാശ വയ്ക്കുന്നവനും അവിടുത്തെ അന്വേഷിക്കുന്നവനും അപമാനിതരാകാൻ നമ്മുടെ ആത്മീയഭവനങ്ങൾ ഇടയാകുന്നുണ്ടോ? സഹോദരരെ അപരിചിതരും സഭയാകുന്ന ഒരേ അമ്മയുടെ മക്കളെ അന്യരുമാക്കിത്തീർക്കുന്ന അപമാനകരമായ സാഹചര്യങ്ങളല്ലേ ദൈവാരാധനയ്ക്കും മീതെയായി പ്രതിഷ്ഠിക്കപ്പെടുന്നത്?

നമ്മുടെ ഓരോരുത്തരുടേയും തീക്ഷ്ണത ദൈവാരാധനയിലേക്കും ദൈവസ്നേഹത്തിലേക്കും പരസ്നേഹത്തിലേക്കും തിരിയേണ്ടതില്ലേ? പരമപ്രധാനമായ കാര്യങ്ങളെ തള്ളിപ്പുറത്താക്കി നമ്മുടെ മനസ്സിനുള്ളിൽ മേശയിട്ടു സ്ഥാനം പിടിച്ചിരിക്കുന്ന താൽപ്പര്യങ്ങളെ സ്വയം ആട്ടിപ്പുറത്താക്കാനുള്ള തീക്ഷ്ണത സ്വായത്തമാക്കാൻ ഈ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കട്ടെ.

## ആത്മാവിനെപ്പറ്റിയുള്ള തീക്ഷ്ണത

പരിശുദ്ധാത്മാവിന്റെ ആലയമാണ് നമ്മൾ ഓരോരുത്തരും എന്നു പൗലോസ് ശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. നമ്മൾ ഓരോരുത്തരും ദേവാലയമാണ്. ഈ ദേവാലയത്തിൻറെ വിശുദ്ധി എത്രമാത്രം നമ്മെ തീക്ഷ്ണമതികൾ ആക്കാറുണ്ട്? ഞാൻ എന്ന ദേവാലയത്തിൽ എന്താണ് ദിവസം തോറും സംഭവിച്ചുകൊണ്ടിരിക്കുന്നത്? അന്യരുടെ സ്ഥലം കൈവശപ്പെടുത്തി, എത്ര പവിത്രമായ ബന്ധങ്ങളും വെറും കച്ചവടമാക്കി, ഏത് ജീവിതസാഹചര്യവും നാണയത്തിൻറെയും വച്ചുമാറ്റത്തിൻറെയും കണക്കിൽപ്പെടുത്തി, സഹോദര സ്നേഹത്തെയും ദൈവസ്നേഹത്തെയും അപമാനിക്കുന്ന ഒരു ഗൃഹമാണോ ഞാനെന്ന ദേവാലയം? ഈ ദേവാലയ ത്തിലേക്ക് ഒരു ചാട്ടവാറുമായി വരുന്ന ഈശോയെ ഞാൻ പശ്ചാത്താപത്തിന്റെ കണ്ണീർ വീഴുന്ന ഹൃദയവുമായി സ്വീകരിക്കുമോ, അതോ പടിക്കുപുറത്താക്കി കുരിശിൽ തറച്ചു കൊല്ലുമോ?

ചില ജീവിതാനുഭവങ്ങൾ ദൈവം നമുക്ക് നൽകുന്ന ഒരു ചാട്ടവാർ അടിയാണ്. സ്വയം നവീകരിക്കാൻ, ഹൃദയം തുറന്നിടാൻ, കളങ്കത്തിന്റെ പാതയിൽ നിന്ന് മാറിനടക്കുവാൻ - അങ്ങനെ പലതും മാറുവാനുള്ള ഒരു ഓർമ്മപ്പെടുത്തൽ. ആ ചാട്ടവാറടിയെ നമ്രശിരസ്സോടെ സ്വീകരി ക്കാൻ സാധിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. സ്വയം നവീകരിക്കുന്ന ചാട്ടവാർ എന്നും സൂക്ഷിക്കാൻ, ദൈവാത്മാവിനോടുള്ള തീക്ഷ്ണത വളരേണ്ടത് അനിവാര്യമാണ്.

## അന്യവൽക്കരിക്കപ്പെട്ടവരോടുള്ള തീക്ഷ്ണത

ഈശോ ചവിട്ടിമറിച്ച കച്ചവടസ്ഥലങ്ങൾ, ജറുസലേം ദേവാലയത്തിലെ വിജാതീയരുടെ പ്രവേശനകവാടമായിരുന്നു എന്നാണ് പണ്ഡിതമതം. അതായത്, ദൂരെനിന്നും മറ്റും വരുന്ന, അന്യരായ ആളുകൾക്കു അവകാശപ്പെട്ട സ്ഥലമാണ് കച്ചവടക്കാർ കൈക്കലാക്കിയത്. വിജാതീയർക്ക് ദൈവാനുഭവം നിഷേധിക്കപ്പെടുന്ന സാഹചര്യം ഈശോയെ പ്രകോപിതനാക്കുന്നു.

നമ്മുടെ ചുറ്റുവട്ടത്തും, നാനാവിധമായ രീതിയിൽ പാർശ്വവൽക്കരിക്കപ്പെട്ട, അന്യവൽക്കരിക്കപ്പെട്ട ആളുകളും സമൂഹങ്ങളും എമ്പാടുമുണ്ട്. അവരോടുള്ള നമ്മുടെ ഇടപഴകലുകൾ എപ്രകാരം? അവരുടെ അവകാശങ്ങളും, അവർക്ക് അർഹമായ നീതിയും സമാധാനവും നമ്മുടെ കച്ചവടമേശകൾ ഇല്ലാതാക്കുന്നുണ്ടോ? നീതിക്കുവേണ്ടി, ദൈവനന്മയുടെ അപ്പക്കഷണങ്ങൾക്ക് വേണ്ടി ബഹുദൂരം അലയുന്ന ആളുകളുടെ മുമ്പിൽ നാം പ്രതിഷ്ഠിക്കുന്നത് എന്താണ് - അവരുടെ നിസഹായത ഊറ്റിയെടുത്ത് നിറയുന്ന പണപ്പെട്ടികളോ, അതോ മനസ്സു നിറയ്ക്കുന്ന സ്നേഹാനുഭാവമോ? അവർക്ക് വേണ്ടി ചുഴറ്റപ്പെടുന്ന ഒരു ചാട്ടവാർ നമ്മുടെ കൈവശമുണ്ടോ? ഈശോയുടെ ദേവാലയശുദ്ധീകരണം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു പ്രധാന ചോദ്യമാണിത്.

## ഉയിർപ്പിന്റെ തീക്ഷ്ണത

ചാട്ടവാർ ചുഴറ്റുന്ന ഈശോയുടെ നേരെ അധികാരികൾ ഒരു ചോദ്യം ചോദിച്ചു - എന്താധികാരത്തിൻമേലാണ് നീ ഇതൊക്കെ ചെയ്യുന്നത്? ഈശോ ആ ചോദ്യത്തെ അവഗണിച്ചില്ല. മറുപടി പറയാൻ സൗകര്യമില്ല എന്നോ, ആ ചോദ്യം മറുപടി അർഹിക്കുന്നില്ല എന്നോ ഒന്നുമല്ല ഈശോ ഉത്തരമായി പറഞ്ഞത്. ഈശോയുടെ മറുപടിയായി ഒരു യോഗ്യത അവതരിപ്പിക്കുന്നു - നശിപ്പിക്കപ്പെട്ടാലും പുനരുദ്ധരിക്കപ്പെടുന്ന ഉയിർപ്പിന്റെ യോഗ്യത.

ചാട്ടവാർ എടുക്കുവാൻ പോകുമ്പോൾ, എന്താണ് ചാട്ടവാർ എടുക്കാനുള്ള എൻറെ അടിസ്ഥാനം എന്നത് പ്രധാനമാണ്. ഈശോയുടെ അടിസ്ഥാനം സഹനങ്ങളുടെ കുരിശായിരുന്നു, ആ കുരിശിൽ അനുഭവിക്കാൻ പോകുന്ന തകർച്ച ആയിരുന്നു. ആ കുരിശ് വഹിക്കാൻ പ്രാപ്തി കൊടുക്കുന്ന മനം നിറഞ്ഞൊഴുകുന്ന സ്നേഹമായിരുന്നു. കുരിശിനപ്പുറം കാത്തിരിക്കുന്ന അമർത്യമായ ഉയിർപ്പിൻറെ പ്രത്യാശ ആയിരുന്നു.



മറ്റുള്ളവർക്ക് നേരെ ചാട്ടവാർ ചുഴറ്റുമ്പോൾ ഇതൊക്കെയാണോ എന്നെ നയിക്കുന്നത്? അതോ, കേവലം വികാരത്തള്ളലോ? അതോ അജ്ഞതയും അഹന്തയുമോ? അതുമല്ലെങ്കിൽ, വൈരാഗ്യബുദ്ധിയും മേൽക്കോയ്മ സ്ഥാപിക്കാനുള്ള വ്യഗ്രതയുമോ? ഇതൊക്കെ ആണെങ്കിൽ, ശുദ്ധീകരിക്കുന്ന ചാട്ടവാറല്ല നാം ചുഴറ്റുന്നത് എന്നത് തിരിച്ചറിയണം.

ഗാഗുൽത്തായാത്രയിൽ ഈശോയുടെ മേൽ പതിച്ച ശിക്ഷയുടെ ചാട്ടവാർ ആയിരിക്കരുത് നാം കൈകളിലേന്തുന്നത് എന്നത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു ക്രൈസ്തവന് വേണ്ടത് സ്നേഹത്തിലും പ്രത്യാശയിലും അടിത്തറയിട്ടിട്ടുള്ള തീക്ഷ്ണതയാണ്, നശീകരണത്തിന്റെ തീക്ഷ്ണതയല്ല.

## വിശ്വസിപ്പിക്കുന്ന തീക്ഷ്ണത

യേശുവിന്റെ ദേവാലയശുദ്ധീകരണത്തിന്റെ അന്തരാർത്ഥം ശിഷ്യർക്ക് അപ്പോൾ പിടികിട്ടിയില്ല എന്നു സുവിശേഷകൻ പറയുന്നു. യേശുവിന്റെ ഉയിർപ്പിന് ശേഷമാണ് ശിഷ്യന്മാർ വിശ്വാസത്തിലേക്ക് കടന്നുവരുന്നത്.

നാം എടുക്കുന്ന ചാട്ടവാർ, വലിയൊരു ജീവിതസന്ദേശത്തിൻറെ ഭാഗമായി മാറണം. എങ്കിൽ മാത്രമേ, കണ്ണുതുറപ്പിക്കുന്ന, സദ്വാർത്തയായി പങ്കുവയ്ക്കപ്പെടുന്ന ഒരു മാറ്റം ആ ചാട്ടവാറിൽ നിന്ന് ഉണ്ടാവുകയുള്ളൂ. സ്വയം വിജയിക്കാനും അഭിമാനം കൊള്ളാനുമായി ചുഴറ്റപ്പെടേണ്ട ഒന്നല്ല യേശുവിൻറെ ചാട്ടവാർ. മറിച്ച്, അത് ഒരു സുവിശേഷസന്ദേശത്തിൻറെ ഭാഗമാണ്, കാണുന്നവരും അനുഭവിക്കുന്നവരും ആ സന്ദേശത്തിൽ വിശ്വസിക്കേണ്ടതിനു വേണ്ടിയാണ്. ജീവിതസാക്ഷ്യവും ചാട്ടവാറിൻറെ സാക്ഷ്യവും വിപരീതവഴികളിൽ പോകുമ്പോൾ, അത് സദ്വാർത്ത ആകുന്നില്ല. വിശ്വസനീയവും ആകുന്നില്ല. സ്ഥായിയായ മാറ്റത്തിന്റെ ഹേതുവും ആകുന്നില്ല.

## ക്രൈസ്തവന്റെ തീക്ഷ്ണത

വെളിപാടിന്റെ പുസ്തകത്തിൽ, ലാവോദീക്യായിലെ സഭയെ കുറ്റം വിധിച്ചുകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന ഒരു ഭാഗം ഇപ്രകാരമാണ് : നീ ചൂടോ തണുപ്പോ ഉള്ളവനല്ല. തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണൻ ആകയാൽ നിന്നെ ഞാൻ എൻറെ വായിൽ നിന്നു തുപ്പിക്കളയും (വെളി 3: 14-16).

ക്രൈസ്തവൻ തീക്ഷ്ണതയുടെ ചാട്ടവാറേന്താൻ വിളിക്കപ്പെട്ടവനാണ്. ചുറ്റും നടക്കുന്ന അനീതിയെ കണ്ടില്ല, കേട്ടില്ല എന്നു നടിച്ച് ജീവിക്കുവാൻ ഈശോയുടെ തീക്ഷ്ണത നമ്മെ അനുവദിക്കുന്നില്ല. സ്വാർത്ഥതയുടെ സൌകര്യങ്ങൾ ഒരുക്കുന്ന മന്ദോഷ്ണതയിൽ ഒടുങ്ങുന്ന ഒരു ജീവിതവുമല്ല ക്രൈസ്തവന്റെ മുൻപിൽ വിശുദ്ധഗ്രന്ഥം മുൻപോട്ടുവയ്ക്കുന്നത്. എന്നെന്നും സ്വയം നവീകരിക്കുന്ന, അനീതിയ്ക്കെതിരെ പൊരുതുന്ന, അന്യവൽക്കരിക്കപ്പെട്ടവരെ ചേർത്തുപിടിക്കുന്ന, സ്നേഹത്തിലും സഹനത്തിലും പ്രത്യാശയിലും അടിയുറച്ച, സദ്വാർത്തയാകുന്ന തീക്ഷ്ണതയിൽ മുഴുകുവാൻ ക്രൈസ്തവരെന്ന നിലയിൽ നമുക്ക് പരിശ്രമിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com